പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 1091

**30.10.2019** -ലെ മറുപടിയ്ക്ക്

**തോട്ടം മേഖലയിലെ പ്രശ്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയിട്ടും സംസ്ഥാനത്തെ തോട്ടം മേഖല പ്രതിസന്ധി നേരിടുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ ഭൂരിഭാഗവും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ നൽകേണ്ടിയിരുന്ന സീനിയറേജ് പൂർണ്ണമായും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ വിവിധ തോട്ടങ്ങളിൽ പ്രായമായ റബ്ബർ മരങ്ങൾ മുറിച്ച് മാറ്റി പുതിയത് റീ-പ്ലാന്റ് ചെയ്യുന്നതിനുള്ള തടസ്സം നീങ്ങിയിട്ടുണ്ട്. തോട്ടം തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾക്കുള്ള കെട്ടിട നികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന ശുപാർശകളായ പ്ലാന്റേഷൻ ടാക്സ് ഒഴിവാക്കുന്നതിനും, കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്നതിനുമുള്ള ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും ആയതിനുള്ള നിയമ ഭേദഗതികൾക്കായുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലുമാണ്.<br><br>റബ്ബർ, തേയില, ഏലം, കാപ്പി എന്നീ തോട്ട വിളകളുടെ വിലയിടിവ്, കാലാവസ്ഥ വ്യതിയാനം, പ്രളയംമൂലം വിളനാശം എന്നിവ തോട്ടം മേഖലയെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ തോട്ടം മേഖല പ്രതിസന്ധികളിലൂടെ കടന്ന് പോകുകയാണ്. |
| ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഈ നടപടികൾ വിജയപ്രദമാണോയെന്നും വ്യക്തമാക്കുമോ;<br><br>സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ദുരിതപൂർണ്ണമായ സ്ഥിതി പരിഗണിച്ച് പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) യും സംസ്ഥാനത്ത് നിലവിൽ 12 തോട്ടങ്ങൾ പ്രവർത്തനരഹിതമാണ്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് തോട്ടം ഉടമകളുമായും തൊഴിലാളി സംഘടനാനേതാക്കളുമായും തൊഴിൽ വകുപ്പ് മന്ത്രി നിരവധി ഘട്ട ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർന്ന് പൂട്ടിക്കിടക്കുന്ന ഈ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജ്മെന്റുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| ഡി) പ്ലാന്റേഷൻ മേഖലയിലെ പ്രശ്ന പരിഹാരത്തിനായി പ്ലാന്റേഷൻ പോളിസി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഡി) പ്ലാന്റേഷൻ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള കരട് പ്ലാന്റേഷൻ നയം സർക്കാരിന്റെ സജീവ പരിഗണനയിലാണ് |

[signature]

**സെക്ഷൻ ഓഫീസർ**